നം.10/18/SRG/LSGD/CC

തദ്ദേശസ്വയംഭരണ വകുപ്പ്
23.02.2019

**കുറിപ്പ്**

വിഷയം :- ജനകീയാസൂത്രണം - 2018-19 വാർഷിക പദ്ധതി ഭേദഗതി സംബന്ധിച്ച്
സൂചന :- 04.12.2018-ലെ 10/18/SRG/GL നമ്പരായുള്ള കുറിപ്പ്

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പ വർഷത്തെ പദ്ധതിയിൽ അത്യാവശ്യം വേണ്ട ഭേദഗതികൾ വരുത്തുന്നതിന് ഫെബ്രുവരി 15-ാം തീയതിവരെ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യം ഉണ്ടായിരുന്നു. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ ഇനിയും ചെറിയ ഭേദഗതികൾ വരുത്തേണ്ടതുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ വാർഷിക പദ്ധതിയിൽ അത്യാവശ്യം വേണ്ട ഭേദഗതികൾ വരുത്തുന്നതിന് സൂചനയിൽ പറയുന്ന കുറിപ്പിലെ നിബന്ധനകൾക്ക് വിധേയമായി 25.02.2019 മുതൽ 28.02.2019 വരെ സുലേഖ സോഫ്ട് വെയറിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. 28.02.2019 വൈകിട്ട് 5.00 മണിക്കകം തദ്ദേശഭരണ സ്ഥാപനങ്ങൾ ഭേദഗതി പ്രോജക്ടുകൾ മറ്റു നടപടിക്രമങ്ങൾ പാലിച്ച് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഇത് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്. ഭേദഗതി പ്രോജക്ടുകളുടെ അംഗീകാര നടപടികൾക്കായി എല്ലാ ജില്ലകളിലും ജില്ലാ ആസൂത്രണസമിതി 01.03.2019-ൽ കൂടേണ്ടതാണ്.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നാൽ പ്രോജക്ട് അംഗീകാര നടപടിക്ക് തടസ്സം ഉണ്ടാകും . അതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ജില്ലാ ആസൂത്രണസമിതികളും ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധ നൽകണം.

അഡീഷണൽ ചീഫ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്